# കണ്ണാടി

വി.വ.രവീന്ദ്രൻ



ഭൂതകാലം മനസ്സിൽ ഓർത്ത്
അവൾ വെറുതെയിരുന്നു
വല്ലാത്ത നോവ്
ഹൃദയംപൊട്ടുമാറുള്ള നോവ്
മനസ്സിന്റെ
കണ്ണാടിയിൽ നോക്കുമ്പോൾ
കണ്ണാടി തല്ലിപ്പൊളിക്കണമെന്നുതോന്നി
എന്തിന് ?
കണ്ണാടിയിൽ പതിഞ്ഞുകാണുന്നത്
നേരാണ്.
പിന്നെയെന്തിന്
കണ്ണാടിപൊട്ടിക്കണം ?
നേരിനെ നേരിടാൻ ഭയക്കുമ്പോഴും
ഇന്നിന്റെ വേദനകളെ
ദൂരെക്കളയാൻ
ആരോ കൈത്താങ്ങായി
മാടിവിളിക്കുന്നു.
പിന്നെ ഒട്ടുംമടിച്ചില്ല
നാളെയെക്കുറിച്ച് ചിന്തിച്ചതേയില്ല...